# സ്വവർഗ്ഗരതി നിയമം നടപ്പിൽ വരുന്നതിനുമുമ്പ് ആ നീചപ്രവർത്തിയെക്കുറിച്ചൊരൽപം....

വളരെനീച പ്രവർത്തനമായ സ്വവർഗ്ഗരതി അനുവദിച്ചുകൊണ്ട് നിയമം പാസ്സാക്കാനുള്ള ചർച്ചയിലാണിപ്പോൾ. ധാർമികമായ അധപതനത്തിന് വഴിവെച്ച് കൊടുക്കുകയാണു അത്കൊണ്ട് ചെയ്യുന്നത്. ബന്ധപ്പെട്ടവർ അതിന്റെ ഭവിഷ്യ ത്ത് മനസ്സിലാക്കി അതിൽ നിന്ന് എത്രയും പെട്ടെന്ന് പിന്മാറേണ്ടതാണ്.

ഈ നീചവൃത്തി ലോകത്ത് ആദ്യമായി ഉണ്ടായതെപ്പോൾ ? ഈചീത്ത പ്രവർത്തി കാമവികാരത്തിന് പരിഹാരമായികണ്ട ജനതക്ക് അല്ലാഹുകൊടുത്ത ശിക്ഷ എന്താണ് ? ഈ ദുശിച്ച പ്രവർത്തിയെ ഇസ്‌ലാം എങ്ങിനെ കാണുന്നു ? അതു ചെയ്തവനു എന്ത് ശിക്ഷയാണ് ഇസ്‌ലാം കൽപിക്കുന്നത് ? എന്നതാണ് ഈ ചെറിയ സന്ദേശത്തിലൂടെ വിവരിക്കുന്നത്.

ഈ ചീത്ത പ്രവർത്തിയെക്കുറിച്ച് പലരും വളരെനിസ്സാരമായ ഒരുതെറ്റായാണ്ഇതിനെ കാണുന്നത്. തെറ്റുകളുടെ ഗൗരവം അതർഹിക്കുന്ന വിധം മനസ്സിലാക്കുവാനും അതിൽ നിന്നു പിന്മാറുവാനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ.

ഈ സന്ദേശം മറ്റുള്ളവർക്കും ഫോർവേഡ് ചെയ്ത്

പുണ്ണ്യം ലഭിക്കുന്നതിൽ പങ്കാളിയാവുക.

സ്വവർഗ്ഗരതിയെക്കറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു :

بِسْمِ اللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

وَلُوطًا إِذْ قَالَ لِقَوْمِهِ أَتَأْتُونَ الْفَاحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّن الْعَالَمِينَ (80) إِنَّكُمْ لَتَأْتُونَ الرِّجَالَ شَهْوَةً
مِّن دُونِ النِّسَاء بَلْ أَنتُمْ قَوْمٌ مُّسْرِفُونَ (81) وَمَا كَانَ جَوَابَ قَوْمِهِ إِلاَّ أَن قَالُواْ أَخْرِجُوهُم مِّن قَرْيَتِكُمْ إِنَّهُمْ
أُنَاسٌ يَتَطَهَّرُونَ (82) فَأَنجَيْنَاهُ وَأَهْلَهُ إِلاَّ امْرَأَتَهُ كَانَتْ مِنَ الْغَابِرِينَ (83) وَأَمْطَرْنَا عَلَيْهِم مَّطَرًا فَانظُرْ كَيْفَ
كَانَ عَاقِبَةُ الْمُجْرِمِينَ (84)

ലോകത്താരും മുമ്പ് ചെയ്തിട്ടില്ലാത്ത ഒരു നീചവൃത്തി നിങ്ങൾ ചെയ്യുകയണോ എന്ന് ലൂഥ് നബി തൻെറജനതയോട് ചോദിച്ച സന്ദർഭം (ഓർക്കുക) (അഅ്റാഫ് 80) നിശ്ചയമായും കാമ വികാരത്തോടെ സ്ത്രീകളെ വിട്ട് പുരുഷന്മാരുടെ അടുക്കലാ

ണ് നിങ്ങൾ ചെല്ലുന്നത്. മാത്രമല്ല, നിങ്ങൾ പരിധി ലംഘിച്ച ഒരു ജനതയാണ്. (81) തന്റെ ജനതയുടെ പ്രതികരണം ഇത് മാത്രമായിരുന്നു : ഇവരെ നിങ്ങളുടെ ദേശത്ത് നിന്ന് പുറത്താക്കുക നിശ്ചയമായും അവർ ശുദ്ധി പാലിക്കുന്ന ആളുകളാണ്. (82) അപ്പോൾ അദ്ദേഹത്തെയും കുടുംബത്തെയും നാംരക്ഷപ്പെടുത്തി. തന്റെ ഭാര്യയെ ഒഴികെ. അവൾ നാശമടഞ്ഞവരിൽ പെട്ടവളായി. (83) എന്നിട്ട് അവരുടെ മേൽ നാം മഴ വർഷിപ്പിച്ചു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെ ആയെന്നു നോക്കുക(84)

**വിവരണം :**

ഇബ്രാഹീം നബി(അ)യുടെ സഹോദരപുത്രനാണ് ലൂഥ് നബി(അ). ട്രാൻസ് ജോർഡാനിലെ ' സദൂം ' എന്ന സ്ഥലത്താണ് അദ്ദേഹം താമസിച്ചു വന്നിരുന്നത്. അദ്ദേഹത്തിന്റെ ജനത തങ്ങൾക്ക് മുമ്പ് ആരും ചെയ്തിട്ടില്ലാത്ത ഒരു നീചവൃത്തി ചെയ്തു വരുന്നവരായിരുന്നു. സ്ത്രീകളെ വിട്ട് പുരുഷന്മാരുടെ മലദ്വാരം മുഖേന കാമവികാരത്തിന് പരിഹാരം കാണലായിരുന്നു ആ നീചവൃത്തി. മാത്രമല്ല. സത്യത്തിന്റെയും ധർമ്മത്തിന്റെയും എല്ലാ പരിധിയും അവർ ലംഘിച്ചവരായിരുന്നു. എന്നാൽ ലൂഥ് നബി(അ)യുടെ ഉപദേശം അവരിഷ്ടപ്പെട്ടില്ല. അദ്ദേഹവും കുടുംബവും ശുദ്ധി പാലിക്കുന്നവരാണെന്ന് പറഞ്ഞ് അവർ പരിഹസിച്ചു. അവരെ ബഹിഷ്കരിക്കണമെന്ന് അഭിപ്രായപ്പെട്ടു. അവസാനം അദ്ദേഹത്തോട് കടുംബസമേതം രാത്രി നാടു വിടാൻ അല്ലാഹു കൽപിച്ചു. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ ഇഷ്ടത്തിനെതിര് പ്രവർത്തിക്കുന്നവളും ശത്രുപക്ഷക്കാരിയുമായിരുന്നു. അതിനാൽ അവളോട് അദ്ദേഹം വിവരം പറഞ്ഞില്ല എന്നാണ് ബലപ്പെട്ട അഭിപ്രായം.(ഇബ്നു കസീർ) അദ്ദേഹം രണ്ട് പെൺമക്കളോടുകൂടി രാത്രി നാടുവിട്ടു. പ്രഭാതത്തിൽ ആജനതക്ക് അല്ലാഹുവിന്റെ ശിക്ഷവന്നു. ' അവരുടെ മേൽ മഴ വർഷിപ്പിച്ചു ' എന്നാണ് ഇവിടെ പറഞ്ഞത്. അത് ചുട്ടുപഴുപ്പിച്ച കളിമണ്ണിന്റെ കല്ലുകൊണ്ടുള്ള ഒരു മഴയായിരുന്നു വെന്ന് മറ്റ് ആയത്തുകളിൽ പറഞ്ഞിട്ടുണ്ട്.

ആദേശത്തെ കീഴ്മേലെയായി മറിച്ചുവെന്നും ഇതേ സൂക്തത്തിൽ തന്നെ പറഞ്ഞിട്ടുണ്ട് അവരെ നശിപ്പിക്കുന്ന വിവരം അല്ലാഹു ഇബ്രാഹീം നബി(അ)യെ അറിയിച്ചിരുന്നു. അങ്ങനെ ചെയ്യരുതെന്ന് ആ മഹാൻ അപേക്ഷിച്ചു. അവരെ ഇനി വെക്കാൻ പാടില്ലെന്നായിരുന്നു അദ്ദേഹത്തിനു കിട്ടിയ മറുപടിയുടെ സാരം.

**وَجَاءهُ قَوْمُهُ يُهْرَعُونَ إِلَيْهِ وَمِن قَبْلُ كَانُواْ يَعْمَلُونَ السَّيِّئَاتِ قَالَ يَا قَوْمِ هَؤُلاء بَنَاتِي هُنَّ أَطْهَرُ لَكُمْ فَاتَّقُواْ اللّهَ وَلاَ تُخْزُونِ فِي ضَيْفِي أَلَيْسَ مِنكُمْ رَجُلٌ رَّشِيدٌ (78) قَالُواْ لَقَدْ عَلِمْتَ مَا لَنَا فِي**

بَنَاتِكَ مِنْ حَقٍّ وَإِنَّكَ لَتَعْلَمُ مَا نُرِيدُ (79) قَالَ لَوْ أَنَّ لِي بِكُمْ قُوَّةً أَوْ آوِي إِلَى رُكْنٍ شَدِيدٍ (80)
قَالُواْ يَا لُوطُ إِنَّا رُسُلُ رَبِّكَ لَن يَصِلُواْ إِلَيْكَ فَأَسْرِ بِأَهْلِكَ بِقِطْعٍ مِّنَ اللَّيْلِ وَلاَ يَلْتَفِتْ مِنكُمْ أَحَدٌ إِلاَّ
امْرَأَتَكَ إِنَّهُ مُصِيبُهَا مَا أَصَابَهُمْ إِنَّ مَوْعِدَهُمُ الصُّبْحُ أَلَيْسَ الصُّبْحُ بِقَرِيبٍ (81)

സ്വജനത അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടിവന്നു. അവര്‍ മുമ്പ്തന്നെ നീചവൃത്തി ശീലിച്ചവരായിരുന്നു. അദ്ദേഹം പറഞ്ഞു. എന്റെ ജനങ്ങളേ, എന്റെ പുത്രിമാരിതാ! ഇവര്‍ നിങ്ങള്‍ക്ക് വളരെ വൃത്തിയുള്ളവരാണ്. അതിനാല്‍ നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുക. വിരുന്നുകാരുടെ കാര്യത്തില്‍ എന്നെ അപമാനിക്കരുത് വിവേകമുള്ള ഒരു പുരുഷനും നിങ്ങളുടെ കൂട്ടത്തില്‍ ഇല്ലേ ? (സൂറത്ത് ഹൂദ് 78) അവര്‍ പ്രതികരിച്ചു, നിന്റെ പുത്രിമാരെക്കൊണ്ട് ഞങ്ങള്‍ക്കൊരാവശ്യവുമില്ലെന്ന് സ്പഷ്ടമായി തന്നെ നീഅറിഞ്ഞിട്ടുണ്ട്. ഞങ്ങള്‍ ഉദ്ദേശിക്കുന്നതെന്തെന്ന് നിനക്ക് നല്ലവണ്ണം അറിയാം.(79)അദ്ദേഹം മറുപടി നല്‍കി: നിങ്ങളോട് എതിര്‍ക്കത്തക്ക ശക്തി എനിക്കുണ്ടായിരുന്നുവെങ്കില്‍ അഥവാഅഭയം പ്രാപിക്കുവാന്‍ സുശക്തമായ ഒരുസഹായി എനിക്കുണ്ടായിരുന്നെങ്കില്‍ എത്ര നന്നായിരുന്നേനെ! (80) ആ മലക്കുകള്‍ പറഞ്ഞു 'ഓ ലൂഥ് നബീ! ഞങ്ങള്‍ താങ്കളുടെ രക്ഷിതാവിന്റെ ദൂതന്മാരാണ്. താങ്കളുടെ അടുത്തേക്ക് എത്തിച്ചേരുവാന്‍ അവര്‍ക്ക് കഴിയുന്നതല്ല. അത് കൊണ്ട് രാവിന്റെ ഒരു ഘട്ടത്തില്‍ താങ്കളുടെ കുടുംബത്തെയും കൂട്ടി ഇവിടെനിന്ന് പോവുക. നിങ്ങളില്‍ ആരും തന്നെ തിരിഞ്ഞു നോക്കരുത്. നിങ്ങളുടെ ഭാര്യ അതില്‍ പെടുകയില്ല.( അവളെ കൊണ്ട് പോകരുത്) നിശ്ചയമയും അവര്‍ക്കെത്തുന്ന ശിക്ഷഅവളെയും ബാധിക്കുന്നതാണ്. അവര്‍ക്ക് നിശ്ചയിച്ച അവധി പ്രഭാതമാകുന്നു. പ്രഭാതം ഇതാ അടുത്ത് കഴിഞ്ഞില്ലേ?' (81)

വിവരണം :

ഇബ്രാഹീം നബിയുടെ ഗൃഹത്തില്‍നിന്നിറങ്ങിത്തിരിച്ച മലക്കുകള്‍ ലൂഥ് നബി(അ)യുടെ നാട്ടിലേക്കാണ് ചെല്ലുന്നത്. അവരുടെ സുപ്രധാന ലക്ഷ്യം അവിടെയായിരുന്നു. അതി സുന്ദരന്മാരായ ചെറുപ്പക്കാരുടെ രൂപത്തിലായിരുന്നു അവരവിടെ എത്തിയത്. ഇത് കണ്ടപ്പോള്‍ ലൂഥ് നബി(അ)ക്ക് വല്ലാത്ത മന:പ്രയാസമായി. സുമുഖരും സുന്ദരന്മാരുമായ ആ കുമാരന്മാരെ തന്റെ ജനം കയ്യേറ്റം ചെയ്യുമെന്നോര്‍ത്തപ്പോള്‍ അദ്ദേഹത്തിന് ഉള്‍ക്കിടിലമനുഭവപ്പെട്ടു. സ്വവര്‍ഗ്ഗഭോഗികളും സംസ്കാര ശൂന്യരുമായ തന്റെ ജനത; സ്വഗൃഹത്തില്‍ യുവകോമളന്മാരുടെ ആഗമം. ഇതെല്ലാം കൂടിയായപ്പോള്‍ നബി ആത്മഗതം ചെയ്തുപോയി. ഇന്ന് വല്ലാത്തൊരാപല്‍ക്കരമായ ദിവസം തന്നെയായിരിക്കും! അതിഥികളെയൊന്നും വീട്ടില്‍ പ്രവേശിപ്പിച്ചു കളയരുതെന്ന് ആ ദുഷ്ടസമൂഹം ലൂഥ് നബി(അ)ക്ക് താക്കീത് നല്‍കിയിട്ടുമുണ്ടായിരു

ന്നുവെന്ന് മേലെവിവരിച്ച ആയത്തിൽ നാം വിവരിച്ചല്ലോ! ആഗതർ മലക്കുകളാണെന്നും ഇവർ തന്റെ സമൂഹത്തെ നശിപ്പിക്കാൻ വന്നതാണെന്നും മനസ്സിലാക്കിയതിനാലാണ് ലൂഥ് നബിക്ക് ദു:ഖവും വിഷമവുമൊക്കെ ഉണ്ടായത് എന്ന ഒരു വ്യാഖ്യാനവുമുണ്ട്. എന്നാൽ പ്രബലപക്ഷം ആദ്യം പറഞ്ഞത് തന്നെയാണ്.

ലൂഥ് നബി(അ)ന്റെ സഡോമിസ്റ്റുകളായ ആൾക്കാർ വിവരം മണത്തറിഞ്ഞു. സുമുഖരും സുന്ദരരുമായ ചെറുപ്പക്കാരുടെ ആഗമവാർത്ത കേട്ടതുതന്നെ അവരെ മത്ത് പിടിപ്പിക്കാൻ പര്യാപ്തമായിരുന്നു. ലൂഥ് നബി(അ)യുടെ സത്യ നിഷേധിയായ ഭാര്യയാണ് ജനങ്ങൾക്ക് ഈ വിവരം നൽകിയത്. ഇവർ വീട്ടിൽ വന്ന് കയറിയത് മനുഷ്യരൂപത്തിലും വേഷത്തിലുമായിരുന്നുവല്ലോ. ഉടനെ അവൾ തന്റെ മിത്രങ്ങളെ ചെന്ന് കണ്ട് ഇങ്ങനെ അറിയിച്ചു: ' ഞങ്ങളുടെ വീട്ടിൽ കുറച്ച് ചെറുപ്പക്കാർ വന്നിട്ടുണ്ട്. എന്ത് സൗന്ദര്യമുള്ള വദനം! എത്ര വൃത്തിയുള്ള വസ്ത്രം! എന്ത് മികച്ച സൗരഭ്യം! ഇമ്മാതിരി ആളുകളെ ഞാനിതുവരെ കണ്ടിട്ടേയില്ല.' ഇത് കേൾക്കേണ്ട താമസം ആളുകളങ്ങോട്ട് കുതിച്ചു. മുൻസൂക്തത്തിലെ സൂചന പോലെ കാമ ഭ്രാന്തന്മാർ വരുന്നത് കണ്ട് ലൂഥ് നബി(അ) അന്തിച്ചുനിന്നു. ഒരു പ്രവാചകന് സ്വജനതയേയും അനുയായികളേയും കുറിച്ച് വളരെ നന്നായി അറിയുമല്ലോ അതാണ്, ' മുമ്പ് തന്നെ അവർ നീചവൃത്തികൾ പതിവാക്കിയവരായിരുന്നു ' എന്ന് പറയുന്നത്.

കാമത്തിന് കണ്ണില്ലെന്നാണല്ലോ പഴമൊഴി. ആ തെമ്മാടികൾ കൂട്ടമായിവന്നു. തുടർന്ന് നബിയുടെ വീട്ടിനകത്തേക്ക് തള്ളിക്കയറാനുള്ള പരിപാടിയാണവർക്ക്. നബി വാതിൽക്കൽ തന്നെ നിന്നു അവരെ തടുത്തു. അവർ തമ്മിൽ തർക്കവിതർക്കങ്ങൾ നടന്നു. ഗത്യന്തരമില്ലാതെ വന്നപ്പോൾ, വേണമെങ്കിൽ എന്റെ പുത്രിമാരെതന്നെ നിങ്ങൾക്ക് വിവാഹം ചെയ്തു തരാൻ തയ്യാറാണ്; എന്നാലും അതിഥികളെ അപമാനിക്കരുതെന്ന് അദ്ദേഹം അവരെ ഉണർത്തി. ലൂഥ് നബിക്ക് രണ്ട് പെൺ മക്കളാണുണ്ടയിരുന്നതത്രെ പ്രബലാഭിപ്രായം. നിഷേധികൾക്ക് വിശ്വാസിനികളെ വിവാഹം ചെയ്യുന്നതിന്റെ ന്യായത സംബന്ധിച്ച് ഇവിടെ പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. സത്യ വിശ്വാസം സ്വീകരിക്കാമെന്ന വ്യവസ്ഥയിൽ വിവാഹം ചെയ്തു തരാമെന്നാണ് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്ന് ചിലർ വിയവരിക്കുന്നു. എന്നാൽ, ചില പൂർവീക ശരീഅത്തുകളിൽ അനുവദനീയമയിരുന്നുവെന്നാണ് മറ്റു ചിലർ പറയുന്നത്. നമ്മുടെ നബി(സ)യുടെ പുത്രി സൈനബിനെ ബഹുദൈവവിശ്വാസിയായ അബുൽ ആസ്വിബ്നർറബീഇന് വിവാഹം ചെയ്തു കൊടുത്തിരുന്നുവല്ലോ. പക്ഷേ, അത് അവിടെത്തേക്ക് പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പായിരുന്നു. ' ഇതാ എന്റെപുത്രിമാർ ' എന്ന ലൂഥ് നബിയുടെ വാക്കിന്റെ താൽപര്യം സമുദായത്തിലെ സ്ത്രീകളാണ് എന്നത്രെ ഇമാം മുജാഹിദ്, സഈദ് ബിന് സുബൈർ(റ) തുടങ്ങിയവർ പറയുന്നത്.

ഇമാം റാസി ഈ അഭിപ്രായമാണ് ബലപ്പെടുത്തിയത്. ( തഫ്സീർ കബീർ വാള്യം 18, പേജ് 32,33 കാണുക)എന്റെ വിരുന്നുകാരുടെ കാര്യത്തിൽ നിങ്ങൾ എന്നെ അപമാനിക്കരുത് വിവേക മുള്ള ഒറ്റആണും നിങ്ങളിലില്ലേ എന്നനബിയുടെ ചോദ്യം വളരെ ചിന്തോദ്ദീപകമാണ്.

അതായത്, വിവേകവും ചിന്താശേഷിയും സാംസ്കാരികബോധവുമൊക്കെയുള്ള ഒരു പുരുഷനും വികാരനിവൃത്തിക്ക് ആണുങ്ങളെ ഉപയോഗപ്പെടുത്തുകയില്ല. അങ്ങേയറ്റത്തെ അപമാനവും മ്ലേച്ഛതയുമാണത്. എന്നിട്ട് ആ ഹീന കൃത്യത്തിന് എന്റെ അഥിതികളെ, അപരിചതരായ അന്യനാട്ടുകാരെ ഉപയോഗപ്പെടുത്തുന്നത് എന്നെ വഷളാക്കലാണ്, അപമാനിക്കലാണ് എന്നർത്ഥം.

ലൂഥ് നബി(അ) വീട്ടിലേക്ക് തള്ളിക്കയറി വന്ന പുരുഷാരത്തോട് ഉപദേശങ്ങൾ ഏറെ ചെയ്തു നോക്കിയെങ്കിലും അതൊന്നും ഫലിച്ചില്ല. അപരിചതരായ ആ അഥിതികളെ കൈയേറ്റം ചെയ്യുന്നതിൽ യാതൊരു മനസ്സാക്ഷിക്കുത്തും അവർക്കുണ്ടായില്ല. അല്ലെങ്കിലും മനസ്സാക്ഷി എന്നുള്ളത് അവർക്ക് വേണ്ടേ ? അവർ പ്രതികരിച്ചു ' സ്ത്രീകളെ ഞങ്ങൾക്കാവശ്യമില്ലെന്ന് നിനക്കറിഞ്ഞുകൂടേ ? ഞങ്ങൾക്ക് വേണ്ടത് എന്താണെന്ന് നിനക്ക് നല്ലവണ്ണം അറിയാമല്ലോ ' ആ ചെറുപ്പക്കാരെ ഇങ്ങോട്ട് വിട്ട് തന്നേ പറ്റൂ എന്ന നയത്തിൽ ഉറച്ച് നിൽക്കുകയാണവർ ചെയ്തത്. ഒടുവിൽ ലൂഥ് നബി(അ) നിസ്സാഹയനായി. മന്യന്മാരായ അഥിതികൾ തന്റെ കൺമുന്നിൽ വെച്ച് അപമാനിതരാവാൻ പോവുകായ്യെന്നോർത്ത് താൻ അങ്ങേയറ്റം വിഷമിച്ചു. ഈ കലങ്ങിയ മനസ്സുമായി നബി പറഞ്ഞു. നിങ്ങളെ പ്രതിരോധിക്കാൻ പറ്റിയ വല്ല ശക്തിയും എന്റെ പക്കലുണ്ടായിരുന്നെങ്കിൽ ഈധിക്കാരത്തിന്റെ പ്രതിഫലം നിങ്ങൾക്ക് ഞാൻ തരുമായിരുന്നു. കുടുംബമിത്രാദി ഇഷ്ടജനങ്ങളിലുമില്ല വിഷമാവസ്ഥകളിൽ എന്നെ സഹായിക്കുന്നവർ.....!

ദു:ഖത്തിൽ ചാലിച്ച അക്ഷരങ്ങൾ കോർത്തിണക്കി വാക്കുകൾക്ക് രൂപം നൽകിയ ഒരു പ്രവാചക ശ്രേഷ്ഠന്റെ ശബ്ദം അല്ലാഹു കേൾക്കാതിരിക്കുമോ ? അവൻ തന്നെ നബിയുടെ ഏറ്റംശക്തമായ വലം കൈയായി. കുടുംബാംഗങ്ങളുടെയും മിത്രങ്ങളുടെയുമൊക്കെ ഭാഗത്ത് നിന്നു പ്രതീക്ഷിക്കാവുന്ന സഹായം അല്ലാഹു തന്നെ ചെയ്തു കൊടുത്തു. തിരു നബി(സ) പറയുന്നു. എന്റെ സഹോദരൻ ലൂഥ് നബി(അ) യെ അല്ലാഹു അനുഗ്രഹിക്കട്ടെ. അദ്ദേഹം ബലിഷ്ഠമായ ഒരു താങ്ങ് അവലംബിക്കുമയിരുന്നു.(ബുഖാരി,മുസ്ലിം) അല്ലാഹുവിലേക്ക് താൻ കാര്യങ്ങൾ ഭരമേൽപിക്കുകയും അവനിൽ നിന്ന് സഹായമർത്ഥിക്കുകയും ചെയ്യുമായിരുന്നു. എന്നാണ് ഇതിന്റെ ഉദ്ദേശ്യം.

ലൂഥ് നബി(അ)യും ആ ജനതയുമായി സംവാദം നടത്തിക്കൊണ്ടിരിക്കുമ്പോൾ അകത്തായിരുന്ന മലക്കുകൾ (ആചെറുപ്പക്കാർ) അദ്ദേഹത്തോട് പറഞ്ഞു ' ഞങ്ങൾ അല്ലാഹുവിന്റെ ദൂതന്മാരായ മലക്കുകളാണ്. താങ്കൾക്ക് ഒരു ദോഷവും വരുത്തി വെക്കാൻ അവർക്ക് കഴിയുന്നതല്ല. എന്നാൽ ഒട്ടുംതാമസിയാതെ അവർ ഘോരമാ യ ദൈവികശിക്ഷക്ക് വിധേയരാകാൻ പോവുകയാണ്. അതിനാൽ താങ്കൾ കടുംബത്തെയുംകൂട്ടി രാവിന്റെ ഒരുഘട്ടത്തിൽ, അത് പാതിരാക്കാണെന്നും രാത്രി യുടെ അവസാനത്തിലാണെന്നും മറ്റും അഭിപ്രായങ്ങളുണ്ട്.' ലൂഥ് നബി(അ) ഭാര്യ യും രണ്ട് പുത്രിമാരുമാണുണ്ടായത്. പക്ഷേ, ഭാര്യ ജനങ്ങളുടെ പക്ഷക്കാരിയും സത്യ നിഷേധിയുമായിരുന്നു. അതിനാൽ അവളെ കൂടെ കൊണ്ട് പോകരുതെന്ന് മലക്കുകൾ പറഞ്ഞു. അങ്ങനെ ഒരു സമൂഹത്തിന്റെ അവസാനത്തിന്റെ ആരംഭം കുറിക്കപ്പെടുകയുണ്ടായി. ഇമാം റാസി(റ) എഴുതുന്നു. ഈ സമൂഹത്തിന് താങ്കളെ ഒന്നും ചെയ്യാൻ സാധ്യമല്ലെന്ന് പറഞ്ഞു കൊണ്ട് ലൂഥ് നബിയോട് വാതിൽ തുറക്കാൻ ജിബ്‌രീൽ(അ) ആവശ്യപ്പെട്ടു. അപ്പോൾ ജനം തള്ളിക്കയറി അകത്തു കടക്കാൻ തുനിഞ്ഞു. തൽസമയം ജിബ്‌രീൽ(അ) ചിറകടിച്ച് അവരുടെ കണ്ണുകൾ പൊട്ടിച്ചു കളഞ്ഞു. ഇക്കാര്യം സൂറത്തുൽഖമർ 38ാംസൂക്തത്തിൽ വ്യക്തമാക്കിയി രിക്കുന്നു. ശിക്ഷയിൽ നിന്നൊഴിവാകാനായി (ഭാര്യയൊഴിച്ചുള്ള) കുടുംബ ങ്ങളോ ടൊപ്പം സ്ഥലം വിടാനും മലക്കുകൾ നിർദേശിച്ചു. പിന്നിലേക്ക് തിരിഞ്ഞു നോക്കരു തെന്ന്പറഞ്ഞത്, സ്വജനത ഭീകരശിക്ഷക്ക് വിധേയരാകുന്നത് നേരിൽ കാണുമ്പോ ൾ മനശ്ചാഞ്ചല്യവും അസ്വസ്ഥതയും അസഹനീയതയും അനുഭവപ്പെടാതിരിക്ക നാകുന്നു. നിശ്ചയിക്കപ്പെട്ട ശിക്ഷ ഇതാ അടുത്ത് തന്നെ, നേരം പുലരുമ്പോൾ വരാൻ പോവുകയാണെന്ന് മലക്കുകൾ അറിയിച്ചു.

لَعَمْرُكَ إِنَّهُمْ لَفِي سَكْرَتِهِمْ يَعْمَهُونَ (72) فَأَخَذَتْهُمُ الصَّيْحَةُ مُشْرِقِينَ (73) فَجَعَلْنَا عَالِيَهَا سَافِلَهَا وَأَمْطَرْنَا عَلَيْهِمْ حِجَارَةً مِّن سِجِّيلٍ (74) إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْمُتَوَسِّمِينَ 75

താങ്കളുടെ ജീവൻ തന്നെ സത്യം. തങ്ങളുടെ ലഹരിയിൽ അവർ അന്ധതയോടെ വിഹരിച്ചുകൊണ്ടിരിക്കുക തന്നെയാകുന്നു. (സൂറത്ത്ഹിജ്ർ 72) അങ്ങനെ സൂര്യൻ ഉദിച്ച സമയത്ത് ഒരു ഘോരശബ്ദം അവരെ പിടികൂടി. 73 എന്നിട്ട് നാം ആ നാട് കീഴ്മേലായി മറിക്കുകയും ചുട്ടുപഴുപ്പിച്ച കളിമണ്ണിന്റെ കല്ല് കൊണ്ടുള്ള ഒരു മഴ അവരുടെ മേൽ വർഷിപ്പിക്കുകയും ചെയ്തു. 74 യാഥാർത്ഥ്യം ചിന്തിച്ചു ഗ്രഹിക്കു ന്നവർക്ക് ഈ സംഭവങ്ങളിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. തീർച്ച. 75

ഏതായാലും എത്രയൊക്കെ സന്മാർഗ്ഗ ദർശനം നൽകിയിട്ടും സദൂമുകാർക്ക് ഒരു മന:പരിവർത്തനവുമുണ്ടായില്ല തങ്ങളുടെ കാമലഹരിയിൽ നിന്നുണരാൻ അവർ സന്നദ്ധരല്ലായിരുന്നു. അങ്ങനെ അവർക്ക് ഘോരമായ ശിക്ഷ വന്നെത്തി. ഒരേസമ

യം മൂന്ന് ശിക്ഷയായിരുന്നു അവർക്ക് : ഒന്ന് അതി ഘോരവും ഭയാനകവുമാ യ അട്ടഹാസവും ശബ്ദവും, രണ്ട് , രാജ്യം കീഴ്മേലായി മറിച്ചു. മൂന്ന് അത്യന്തം ചൂ ടുള്ള കൽ മഴ വർഷിച്ചു. ഈ മൂന്ന് ശിക്ഷകളും വന്നെത്തിയത് വ്യത്യസ്ഥ സ്ഥലങ്ങ ളിലായി വിശുദ്ധ ഖുർആനിൽ പറയുന്നുണ്ട്. യാഥാർത്ഥ്യം ചിന്തിച്ചു മനസ്സിലാക്കു ന്ന വർക്കും സത്യവിശ്വാസികൾക്കുമൊക്കെ ഇതിൽ മതിയായ പാഠങ്ങളുണ്ടെന്നാ ണ് അല്ലാഹു പറയുന്നത്.

(വിശുദ്ധ ഖുർആൻ വിവരണം അവലംബം : വിശുദ്ധ ഖുർആൻ വ്യാഖ്യാനം ( കൂറ്റനാട് ))

## ما هي عقوبة اللواط ، وهل هناك فرق بين الفاعل والمفعول به ؟

## ഇസ്ലാം സ്വവർഗ്ഗരതിയെക്കുറിച്ച് എന്തു പറയുന്നു ? എന്താണ് സ്വവർഗ്ഗ രതിക്കുള്ള ശിക്ഷ ? ചെയ്യുന്ന വ്യക്തിക്കും ചെയ്യപ്പെടുന്ന വ്യക്തിക്കും അതിൽ വ്യത്യാസമുണ്ടോ ?

جريمة اللواط من أعظم الجرائم ، وأقبح الذنوب ، وأسوأ الأفعال وقد عاقب الله فاعليها بما لم يعاقب به أمة من الأمم ، وهي تدل على انتكاس الفطرة ، وطمْس البصيرة ، وضعف العقل ، وقلة الديانة ، وهي علامة الخذلان ، وسلم الحرمان ، نسأل الله العفو والعافية .

സ്വവർഗ്ഗരതി വളരെ ചീത്തയായ വൻദോശവും പ്രവർത്തികളിൽ ഏറ്റവും മോശമാ യതും തെറ്റുകളിൽ ഏറ്റവും വെറുക്കുന്നതുമാണ്. ഒരു ജനതയേയും ശപിച്ചിട്ടി ല്ലാത്ത വിധം ഇതിന്റെ പ്രവർത്തനങ്ങളെ അല്ലാഹു ശപിച്ചിട്ടുണ്ട്. ഈ പ്രവർത്തി പരി ശുദ്ധിയുടെ നാശത്തെയും ഉൾക്കാഴ്ചയുടെ അഭാവത്തെയും ബുദ്ധിയുടെ ബല ഹീനതെയെയും ധർമ്മബോധത്തിന്റെ കുറവിനെയും കുറിക്കുന്നു. ഇത് ചതിയു ടെ അടയാളവും സമാധാനഭംഗവുമാണ്. നാം അല്ലാഹുവിനോട് കാവൽതേടുക.

وقد أجمع الصحابة على قتل اللوطي ، لكن اختلفوا في طريقة قتله ، فمنهم من ذهب إلى أن يحرق بالنار ، وهذا قول علي رضي الله عنه ، وبه أخذ أبو بكر رضي الله عنه ، كما سيأتي . ومنهم قال : يرمى به من أعلى شاهق ، ويتبع بالحجارة ، وهذا قول ابن عباس رضي الله عنه . ومنهم من قال : يرجم بالحجارة حتى يموت ، وهذا مروي عن علي وابن عباس أيضاً . ثم اختلف الفقهاء بعد الصحابة ، فمنهم من قال يقتل على أي حال كان ، محصنا أو غير محصن . ومنهم من قال : بل يعاقب عقوبة الزاني ، فيرجم إن كان محصنا ، ويجلد إن كان غير محصن .

ചുരുക്കിപ്പറഞ്ഞാൽ സ്വവർഗ്ഗ സംഭോഗിയെ കൊല്ലണമെന്ന കാര്യത്തിൽ സ്വഹാബത്ത് ഏകോപിച്ചിരിക്കുന്നു. എന്നാൽ എപ്രകാരം കൊല്ലണമെന്ന കാര്യത്തിൽ അവർക്ക് അഭിപ്രായ വ്യത്യാസമുണ്ട്. അത്തരക്കാരെ കരിച്ചു കളയണമെന്ന അഭിപ്രായക്കാരുണ്ട്. അലി(റ) അബൂബക്കർ സിദ്ധീഖ്(റ) എന്നിവർ ഈ അഭിപ്രായക്കരിൽ പെട്ടവരാണ്. ഉയരമുള്ള ഒരു ഭാഗത്ത് നിന്ന് താഴേക്കിടുകയും എറിഞ്ഞു കൊല്ലുകയും വേണമെന്ന് അഭിപ്രായ പ്പെട്ട അബ്ബാസ്(റ) വിനെ പിൻപറ്റിയവരും അവരുടെ കൂട്ടത്തിലുണ്ട്. അത് പോലെ മരണം വരെ കല്ലു കൊണ്ട് എറിയണമെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. ഇത് അലി(റ) ഇബ്ൻ അബ്ബാസ്(റ) എന്നിവരിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്. സ്വഹാബത്തിന് ശേഷം കർമ്മശാസ്ത്ര പണ്ഡിതന്മാർക്ക് ഇക്കാര്യത്തിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടായിട്ടുണ്ട്..

വിവാഹിതനാണെങ്കിലും അവിവാഹിതനാണെങ്കിലും കൊന്നുകളയണമെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വ്യഭിചാരത്തിന്റെ വിധി തന്നെയാണ് നടപ്പാക്കേണ്ടത് എന്ന് അഭിപ്രായപ്പെട്ടവരും അക്കൂട്ടത്തിലുണ്ട്. അതായത് വിവാഹിതനാണെങ്കിൽ എറിഞ്ഞു കൊല്ലുകയും അവിവാഹിതനാണെങ്കിൽ അടിക്കുകയും വേണമെന്ന വിധി.

ومنهم من قال : يعزر التعزير البليغ الذي يراه الحاكم .

وقد بسط ابن القيم رحمه الله الكلام على هذه المسألة ، وذكر حجج الفقهاء وناقشها ، وانتصر للقول الأول ، وذلك في كتابه "الجواب الكافي لمن سأل عن الدواء الشافي" والذي وضعه لعلاج هذه الفاحشة المنكرة . ونحن ننقل طرفا من كلامه رحمه الله : قال " : ولما كانت مفسدة اللواط من أعظم المفاسد ، كانت عقوبته في الدنيا والآخرة من أعظم العقوبات. ولما كانت مفسدة اللواط من أعظم المفاسد ، كانت عقوبته في الدنيا والآخرة من أعظم العقوبات.

എന്നാൽ ഭരണാധികാരിക്ക് സാഹചര്യം പരിഗണിച്ച് ശിക്ഷ വിധിക്കാവുന്നതാണെന്ന് ഒരു വിഭാഗത്തിന് അഭിപ്രായമുണ്ട്. ഇബ്ന് ഖയ്യിം റഹിമഹുല്ലാഹ് ഈ വിഷയം വളരെ വിശധമായി പ്രതിപാധിച്ചിട്ടുണ്ട്. അദ്ദേഹം തെളിവുകൾ നിരത്തി കർമ്മശാസ്ത്ര പണ്ഡിതരുമായി ഈ കാര്യത്തെ ക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ " അൽജവാബു കാഫീ ലിമൻ സഅല അനിദ്ധവാഉശ്ശാഫീ " എന്ന ഗ്രന്ഥം ഈ നിശിദ്ധമായ തെറ്റിന്റെ ചികിത്സക്ക് വേണ്ടി രചിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ വാക്കുകളിലേക്ക് :

സ്വവർഗ്ഗരതി എന്ന പാപം ലോകത്ത് ഉണ്ടായപ്പോഴൊക്കെ ദുനിയാവിൽ ഭയാനകമായ ശിക്ഷയായിരുന്നു ഉത്ഭവിച്ചത് അത് പോലെ ആഖിറത്തിലും വലിയ ശിക്ഷയാണതിനുള്ളത്. ജനങ്ങൾ ഇക്കാര്യത്തിൽ മൂന്ന് അഭിപ്രായക്കാരായി ഭിന്നിച്ചിരിക്കുന്നു. (1) ഇതിന്റെ ശിക്ഷ വ്യഭിചാരത്തേക്കാൾ കടുത്തതാണ്. (2) സ്വവർഗ്ഗരതിയേക്കാൾ കടുത്ത ശിക്ഷ വ്യഭിചാരത്തിനാണ്. (3) രണ്ടിന്റെയും ശിക്ഷ സമമാണ്.

وقد اختلف الناس هل هو أغلظ عقوبة من الزنا ، أو الزنا أغلظ عقوبة منه ، أو عقوبتهما سواء ؟ على ثلاثة أقوال : فذهب أبو بكر الصديق وعلى بن أبي طالب وخالد بن الوليد وعبد الله بن الزبير وعبد الله بن عباس ومالك وإسحق بن راهويه والإمام أحمد في أصح الروايتين عنه والشافعي في أحد قوليه إلى أن عقوبته أغلظ من عقوبة الزنا ، وعقوبته القتل على كل حال ، محصنا كان أو غير محصن .
وذهب الشافعي في ظاهر مذهبه والإمام أحمد في الرواية الثانية عنه إلى أن عقوبته وعقوبة الزاني سواء .

അബൂബക്കർ സിദ്ധീഖ് (റ) , അലിയ്യുബിന് അബീത്വാലിബ്(റ), ഖാലിദ് ബിന്‌വലീദ് (റ), അബ്ദുല്ലാഹി ബിന് സുബൈർ (റ), അബ്ദുല്ലാഹി ബിന് അബ്ബാസ്(റ) തുടങ്ങിയ സ്വഹാബത്തും ഇമാമീങ്ങളിൽ മാലിക്(റ) ഇമാം അഹ്മദ്(റ) അദ്ദേഹത്തിന്റെ അഭിപ്രായ പ്രകാരവും ഇമാം ശാഫി ഈ(റ)യുടെ രണ്ടിൽ ഒരു അഭിപ്രായപ്രകാരവും സ്വവർഗ്ഗരതി വ്യഭിചാരത്തേക്കാൾ കടുത്ത ശിക്ഷയാണെന്നും വിവാഹിതനാണെങ്കിലും അവിവാഹിതനാണെങ്കിലും കൊല്ലണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇമാം ശാഫി ഈ(റ) അദ്ദേഹത്തിന്റെ ഭാഹ്യ മദ്ഹബ് (ളാഹിറായത് ) ഇമാം അഹ് മദ്(റ) വും രണ്ടിന്റെയും ശിക്ഷ സമമാണെന്ന് അഭിപ്രായം പറഞ്ഞിരിക്കുന്നു.

وذهب الإمام أبو حنيفة إلى أن عقوبته دون عقوبة الزاني وهى التعزير ."

إلى أن قال : " قال أصحاب القول الأول وهم جمهور الأمة وحكاه غير واحد إجماعا للصحابة : ليس في المعاصى مفسدة أعظم من مفسدة اللواط وهى تلي مفسدة الكفر وربما كانت أعظم من مفسدة القتل كما سنبينه إن شاء الله تعالى .

قالوا : ولم يبتل الله تعالى بهذه الكبيرة قبل قوم لوط أحدا من العالمين ، وعاقبهم عقوبة لم يعاقب بها أمة غيرهم ، وجمع عليهم أنواعا من العقوبات من الإهلاك ، وقلب ديارهم عليهم ، والخسف بهم ورجمهم بالحجارة من السماء ، وطمس أعينهم ، وعذّبهم وجعل عذابهم مستمرا فنكّل بهم نكالا لم ينكّله بأمة سواهم ، وذلك لعظم

مفسدة هذه الجريمة التي تكاد الأرض تميد من جوانبها إذا عُملت عليها ، وتهرب الملائكة إلى أقطار السموات والأرض إذا شاهدوها خشية نزول العذاب على أهلها ، فيصيبهم معهم ، وتعج الأرض إلى ربها تبارك وتعالى وتكاد الجبال تزول عن أماكنها .

എന്നാൽ ഇമാം അബൂ ഹനീഫ(റ) വ്യഭിചാരത്തേക്കാൾ ശിക്ഷയാണിതിനുള്ളതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അത് ഭരണാധികാരിക്ക് നടപ്പിലാക്കാവുന്നതാണ്. ഇവയിൽ ഒന്നാമത്തെ അഭിപ്രായമാണ് സ്വഹാബത്തിൽ നിന്നുള്ള ഇജ്മാഅ് പ്രകാരം പ്രബലമായത്. പാപങ്ങളിൽ നിന്ന് ഇത്രയധികം വിനാശകരമായ മറ്റൊരു പാപം ഇല്ലതന്നെ. ഇത് ഒരു പക്ഷേ, കുഫ്റ് , കൊലപാതകം തുടങ്ങിയ പാപങ്ങളോട് വളരെ അടുത്ത് നിൽക്കുന്നതാണ്. ഈ അഭിപ്രായക്കാരായ പണ്ഡിതന്മാർ പറയുന്നു " ലൂത്ത് നബി(അ) മുമ്പ് ഒരു ജനതയേയും ഈ വാൻ പാപം കൊണ്ട് അല്ലാഹു പരീക്ഷിച്ചിട്ടില്ല. മറ്റൊരു ജനതയേയും ശിക്ഷിക്കാത്ത വിധം അവരെ അല്ലാഹു ശിക്ഷിക്കുകയും ചെയ്തു. പല ഇനത്തിലുള്ള ശിക്ഷ മുറകൾ അവരെ പിടികൂടി. നശിപ്പിക്കുക, വീടുകൾ കീഴ്മേൽ മറിക്കുക , ഭൂമിയിൽ ആഴ്ത്തിക്കളയുകയും ആകാശത്തു നിന്നും കല്ലുകൾ കൊണ്ട് എറിയപ്പെടുക, അന്ധരാക്കുക , ശിക്ഷകൾ തുടർന്ന് കൊണ്ടേ ഇരിക്കുക എന്നിങ്ങനെയായിരുന്നു ആ ശിക്ഷാമുറകൾ. ഇത് ഈ പ്രവർത്തിയുടെ ഗൗരവത്തെ സൂചിപ്പിക്കുന്നു. ഈ പ്രവർത്തി ഭൂമിക്ക് മേൽ വെച്ച് ചെയ്യപ്പെട്ടാൽ ഭൂമി അതിന്റെ പാർശ്വ ഭാഗങ്ങളിലേക്ക് ചരിഞ്ഞു പോകും. ഈ പ്രവർത്തി ചെയ്യപ്പെടുന്നത് കണ്ടാൽ മലക്കുകൾ ശിക്ഷ ഇറങ്ങുന്നത് ഭയന്ന് ആകാശ ഭൂമികളിലൂടെ പേടിച്ചോടും. ഭൂമി അതിന്റെ നാഥനിലേക്ക് അട്ടഹസിച്ച് കരഞ്ഞപേക്ഷിച്ചു കൊണ്ടിരിക്കും. പർവ്വതങ്ങൾക്ക് സ്ഥാന ചലനം സംഭവിക്കും.

وقتل المفعول به خير له من وطئه ، فإنه إذا وطأه الرجل قتله قتلا لا ترجي الحياة معه ، بخلاف قتله فإنه مظلوم شهيد . قالوا : والدليل على هذا ( يعني على أن مفسدة اللواط أشد من مفسدة القتل ) أن الله سبحانه جعل حد القاتل إلى خيرة الولي إن شاء قتل وإن شاء عفى ، وحتم قتل اللوطي حدا كما أجمع عليه أصحاب رسول الله ودلت عليه سنة رسول الله الصريحة التي لا معارض لها ، بل عليها عمل أصحابه وخلفائه الراشدين رضي الله عنهم أجمعين.

ഒരു വ്യക്തിയെ കൊല്ലുന്നതിനേക്കാൾ ഭീകരമായ കുറ്റമാണ് അവനുമായി സ്വവർഗ്ഗ രതിയിലേർപ്പെടുന്നത്. ഇതിന് തെളിവായി പണ്ഡിതന്മാർ പറയുന്നത്

അല്ലാഹു തആല കൊലപാതകത്തിനുള്ള ശിക്ഷ കൊല്ലപ്പെട്ടയാളുടെ വലിയ്യിന് അധികാരം നൽകിയിരിക്കുന്നു. അവനുദ്ദേശിച്ചാൽ അയാളെ കൊല്ലുകയോ വെറുതെ വിടുകയോ ചെയ്യാവുന്നതാണ്.

എന്നാൽ സ്വവർഗ്ഗരതി നടത്തിയവനെ കൊല്ലണമെന്ന കാര്യത്തിൽ പ്രപാചകന്റെ കൽപനയാണെന്നതിൽ സ്വഹാബത്ത് ഏകോപിച്ചിരിക്കുന്നു. അതിന് എതിരഭിപ്രായമില്ലെന്നു മാത്രമല്ല ഖുലഫാഉർറാശിദുകളുടെയും സ്വഹാബത്തിന്റെയും പ്രവർത്തി അതാണു താനും.

وقد ثبت عن خالد بن الوليد أنه وجد في بعض نواحي العرب رجلا ينكح كما تنكح المرأة ، فكتب إلى أبي بكر الصديق رضي الله عنه ، فاستشار أبو بكر الصديق الصحابة رضي الله عنهم ، فكان على بن أبي طالب أشدهم قولا فيه ، فقال : ما فعل هذا إلا أمة من الأمم واحدة وقد علمتم ما فعل الله بها . أرى أن يحرق بالنار ، فكتب أبو بكر إلى خالد فحرقه .

ഖാലിദ് ബിന് വലീദ്(റ)വിനെ തൊട്ട് സ്ഥിരപ്പെട്ടിരിക്കുന്നു അറേബ്യയുടെ ചില ഭാഗങ്ങളിൽ പുരുഷൻ സ്ത്രീ വിവാഹം ചെയ്യപ്പെടുന്നത് പോലെ വിവാഹം ചെയ്യപ്പെടുന്നത് കാണാനിടയായി. അദ്ദേഹം അബൂബക്കർ സിദ്ധീഖ്(റ)വിന് അതെക്കുറിച്ചെഴുതി അബൂബക്കർ സിദ്ധീഖ്(റ) സ്വഹാബത്തിനോട് അഭിപ്രായമാരാഞ്ഞു. അലി (റ) വളരെ ശക്തിയായി വാദിച്ചു. ഈ പ്രവർത്തി ചെയ്ത ഒരു ജനതയെ അല്ലാഹു എപ്രകാരമാണ് ശിക്ഷിച്ചതെന്ന് നിങ്ങൾക്കറിയില്ലേ ? അത് കൊണ്ട് അവനെ തീയിലിട്ട് കത്തിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെ അബൂബക്കർ(റ) അവനെ കത്തിക്കാൻ ഉത്തരവിട്ടു.

وقال عبد الله بن عباس : ينظر أعلى ما في القرية فيرمى اللوطي منها منكسا ثم يتبع بالحجارة . وأخذ ابن عباس هذا الحد من عقوبة الله للوطية قوم لوط . وابن عباس هو الذي روى عن النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ ) : من وجدتموه يعمل عمل قوم لوط فاقتلوا الفاعل والمفعول به ) رواه أهل السنن وصححه ابن حبان وغيره ، واحتج الإمام أحمد بهذا الحديث وإسناده على شرط البخاري .

അബ്ദുല്ലാഹി ബിന് അബ്ബാസ്(റ) പറയുന്നു. ഗ്രാമത്തിൽ ഉയരം കൂടിയ ഒരു ഭാഗത്ത് നിന്ന് സ്വവർഗ്ഗരതിക്കാരനെ താഴേക്ക് തള്ളിയിടുകയും പിന്നീട് കല്ല് കൊണ്ട് എറിയുകയും വേണമെന്ന് ഞാൻ കാണുന്നു. ഈ ശിക്ഷാമുറ അദ്ദേഹം എടുത്തത് ലൂത്ത് നബി(അ) ജനതയുടെ മേൽ അല്ലാഹു ഇറക്കിയ ശിക്ഷയിൽ നിന്നാണ്.

ഇബ്ന് അബ്ബാസ് (റ) തന്നെയാണ് നബി(സ)യെ തൊട്ട് റിപ്പോർട്ട് ചെയ്തത് " ലൂത്ത് നബി(അ) ജനതയുടെ പ്രവർത്തി ആരെങ്കിലും ചെയ്യുന്നത് നിങ്ങൾ കണ്ടാൽ അത് ചെയ്യുന്നവനെയും ചെയ്യപ്പെടുന്നവനെയും കൊന്ന്കളയുക " അഹ്ലുസ്സുനൻ ( അബൂദാവൂദ് , തിർമിദീ, നസാഇൗ , ഇബ്ന്മാജ ) ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇബ്ന് ഹിബ്ബാനും മറ്റുള്ളവരും ഇത് സ്വഹീഹാക്കിയിടുണ്ട്. ഇമാം അഹ്മദ് ഇത് തെളിവായി സ്വീകരിച്ചിട്ടുണ്ട്. ( ബുഖാരി ഇമാമിന്റെ ശർത്ത് അനുസരിച്ച്)

قالوا : وثبت عنه أنه قال : ( لعن الله من عمل عمل قوم لوط ، لعن الله من عمل عمل قوم لوط ، لعن الله من عمل عمل قوم لوط ) ولم يجيء عنه لعنة الزاني ثلاث مرات في حديث واحد ، وقد لعن جماعة من أهل الكبائر ، فلم يتجاوز بهم في اللعن مرة واحدة ، وكرر لعن اللوطية فأكده ثلاث مرات ، وأطبق أصحاب رسول الله على قتله لم يختلف منهم فيه رجلان ، وإنما اختلفت أقوالهم في صفة قتله ، فظن بعض الناس أن ذلك اختلاف منهم في قتله ، فحكاها مسألة نزاع بين الصحابه ، وهي بينهم مسألة إجماع ، لا مسألة نزاع

ഈ അഭിപ്രായമുള്ള ഇമാമുകൾ പറയുന്നു അബ്ബാസ്(റ) വിനെതൊട്ട് സ്ഥിരപ്പെട്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു റസൂൽ(സ) പറഞ്ഞു " ലൂത്ത് നബിയുടെ ജനതയുടെ പ്രവർത്തി ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ! ശാപമുണ്ടാവട്ടെ! ശാപമുണ്ടാവട്ടെ! " ഒരു ഹദീസിലും വ്യഭിചാരിയുടെ മേലിൽ മൂന്ന് പ്രാവശ്യം ശാപം ആവർത്തിച്ചു വന്നിട്ടില്ല. വൻ ദോശങ്ങൾ ചെയ്യുന്നവരെ അല്ലാഹു ശപിച്ചിട്ടുണ്ട്. എന്നാൽ അത് ഒരു പ്രാവശ്യത്തേക്കാൾ വിട്ടുകടന്നിട്ടില്ല. എന്നാൽ സ്വവർഗ്ഗരതിക്കാരുടെ മേലുള്ള ശാപം ആവർത്തിക്കുകയും മൂന്ന് തവണ പറയുക വഴി ശക്തിപ്പെടുത്തുകയും ചെയ്തു. സ്വഹാബത്ത് കൊല കൊണ്ട് അത് പ്രാവർത്തികമാക്കി. അവരിൽ രണ്ട്പേർ അതിൽ ഭിന്നിച്ചിട്ടില്ല. ഭിന്നതയുള്ളത് കൊല്ലുന്ന രൂപത്തിൽ മാത്രമാണ്.

المفعول به كالفاعل ، لأنهما اشتركا في الفاحشة ، فكان عقوبتهما القتل كما جاء في الحديث ، لكن يستثنى من ذلك صورتان:

الأولى : من أكره على اللواط بضرب أو تهديد بالقتل ونحوه ، فإنه لا حد عليه . قال في "شرح منتهى الإرادات" (348/3) : " ولا حد إن أكره ملوط به على اللواط بإلجاءٍ بأن غلبه الواطئ على نفسه أو بتهديد بنحو قتل أو ضرب " انتهى بتصرف الثانية : إذا كان المفعول به صغيرا لم يبلغ ، فإنه لا يحد ، لكن يؤدب ويعزر بما يردعه عن اقتراف هذه الجريمة ، كما سبق في كلام ابن تيمية .

ونقل ابن قدامة رحمه الله في "المغني" (62/9) أنه لا خلاف بين العلماء في أن الحد لا يُقام على المجنون ولا الصبيّ الذي لم يبلغ.

**രണ്ടാമതായി പ്രവർത്തി ചെയ്യപ്പെട്ടവൻ ചെയ്തവനെപ്പോലെ തന്നെയാണ് കാരണം അവർ രണ്ട്പേരും തെറ്റിൽ പങ്കാളിയായി. അവരുടെ രണ്ട് പേരുടെയും ശിക്ഷ കൊല തന്നെയാണ്. അപ്രകാരമാണ് ഹദീസിൽ വന്നിരിക്കുന്നത് എന്നാൽ രണ്ട് വിഭാഗക്കാർ ഇതിൽ നിന്ന് ഒഴിവാക്കപ്പെടും. (1) നിർബ്ബന്ധിതാവസ്ഥയിൽ (കൊല, അടി എന്നിവ കൊണ്ട് ഭീഷണിപ്പെടുത്തി) സ്വവർഗ്ഗരതിക്ക് വിധേയനായവൻ അവന്റെ മേൽ ശിക്ഷയില്ല. (2) സ്വവർഗ്ഗരതിക്ക് വിധേയനായവൻ പ്രായപൂർത്തിയാകാത്ത ചെറിയ കുട്ടിയാണെങ്കിൽ അവനും ശിക്ഷയില്ല. എന്നാൽ അവനെ ഇത്തരം തെറ്റുകളിൽ നിന്ന് പിന്തിരിപ്പിക്കാനുതകുന്നവിധത്തിൽ അദബ് പഠിപ്പിക്കാൻ അനുയോജ്യമായ മറ്റ് മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. ഇബ്ന് ഖുദാമ(റ) മുഗ്നിയിൽ പറഞ്ഞത് പോലെ ഭ്രാന്തനും പ്രായപൂർത്തിയെത്താത്ത കുട്ടിക്കും ശിക്ഷയില്ലെന്ന കാര്യത്തിൽ പണ്ഡിതർക്ക് ഭിന്നാഭിപ്രായമില്ല.**

**വിവ : മൊയ്തീൻ കുട്ടി എടയൂർ**

**നാഥാ, ഈ ചെറിയ ഒരു പ്രവർത്തനം നീ സ്വീകരിക്കേണമേ, ഇതിൽ വല്ല തെറ്റുകളോ പോരായ്മകളോ വന്നുപോയിട്ടുണ്ടെങ്കിൽ ഞങ്ങൾക്കത് നീ പൊറുത്ത് തരേണമേ, ഞങ്ങൾക്കും ഞങ്ങളുടെ മാതാപിതാക്കൾക്കും പ്രത്യേകിച്ച് ഇത് വിവർത്തനം ചെയ്തു തന്ന സുഹൃത്തിനും, ഈ സന്ദേശം മറ്റുള്ളവർക്ക് ഫോർവേഡ് ചെയ്യുന്നവർക്കും ഞങ്ങളുമായി ബന്ധപ്പെട്ടവർക്കും നിന്റെ കാരുണ്യം നൽകേണമേ, ആമീൻ.**


**ഇസ്ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത്**
**സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്**

*www.islamkerala.com*



*E-mail : abdulla_cherumba@yahoo.com*

*Mobile : 0091 9400534861*